**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

| | |
|---|---|
| **പ്രസിഡന്റ്** | **ജനറൽ സെക്രട്ടറി** |
| **കെ.പി.ധനപാലൻ Ex.MP** | **സിബിക്കുട്ടി ഫ്രാൻസിസ്** |

തിരുവനന്തപുരം
29.09.2015

നമ്പർ. 8/2015

**<u>സർക്കുലർ</u>**

സുഹൃത്തേ,

സ്റ്റേറ്റ് കൗൺസിൽ 27.9.2015 ഞായറാഴ്ച കൃത്യം 11.30 ന് ആരംഭിച്ചു. KPCC യിൽ നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ പ്രസിഡന്റ് കെപി.ധനപാലൻ വിശദീകരിച്ചു. UDF അനുകൂല ട്രേഡ് യൂണിയനുകൾ ഒരുമിച്ച് മത്സരിക്കുന്ന യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF) ൽ എല്ലാവരും സഹകരിക്കണമെന്നുള്ള നമ്മുടെ അഭിപ്രായം ചർച്ചയിൽ പറഞ്ഞുവെന്നും പ്രസിഡന്റ് വിശദീകരിച്ചു. റഫറണ്ടത്തിൽ കൂടുതൽ വോട്ട് കരസ്ഥമാക്കാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. UDEEF ന്റെ തെരഞ്ഞെടുപ്പ് കമ്മിറ്റിയിലേക്കുള്ള കോൺഫെഡറേഷന്റെ പ്രതിനിധികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ് കെപി.ധനപാലൻ ചെയർമാനായും സിബിക്കുട്ടി ഫ്രാൻസിസ് കൺവീനറായും താഴെപ്പറയുന്ന കോൺഫെഡറേഷൻ ഭാരവാഹികളടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു.

**<u>തെരഞ്ഞെടുപ്പ് കമ്മിറ്റി</u>**

വി.ഗോപകുമാർ
സി.വി.രാധാകൃഷ്ണൻ
എം.വി.മനോജ്
കെ.എ.സഹദേവൻ
കെ.സി.രാജൻ
ജോസ് ഫിലിപ്പ്
ഷാഹുൽ ഹമീദ്
നെയ്യാറ്റികര പ്രദീപ്
ആർ.അജിത്കുമാർ
കെ.ദാമോദരൻ

**<u>വിവിധ ജില്ലാ കൺവെൻഷനുകൾ</u>**
**<u>നടത്തുവാൻ തീരുമാനിച്ച തീയതികൾ</u>**

| | | |
|---|---|---|
| കാസറഗോഡ്, കണ്ണൂർ | - | 6.10.2015 |
| വയനാട് | - | 7.10.2015 |
| കൊട്ടാരക്കര | - | 8.10.2015 |
| തൃശ്ശൂർ | - | 12.10.2015 |
| കോഴിക്കോട് | - | 14.10.2015 |
| എറണാകുളം | - | 14.10.2015 |
| പത്തനംതിട്ട | - | 15.10.2015 |

ഘടക യൂണിയനുകളുടെ പ്രതിനിധികളെ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ അവരുമായി ബന്ധപ്പെടുവാൻ കൺവീനറെ ചുമതലപ്പെടുത്തി.

പ്രവർത്തനങ്ങൾ

ഭാരവാഹികൾ എല്ലാവരും ലീവ് എടുത്ത് താഴെപ്പറയുംവിധം
പ്രവർത്തനങ്ങൾ നടത്തണം

**I. സെപ്തംബർ 28,29,30, ഒക്ടോബർ 1, 2,3 - സെക്ഷൻ സന്ദർശനം**

1. എല്ലാ ജീവനക്കാരുടെയും വീട്ടിൽ പോകണം
2. നമ്മുടെ അംഗങ്ങളുടെ വീടുകളിൽ പോകണ്ട - പക്ഷേ മറ്റുള്ളവരുടെ വീടുകളിൽ വോട്ട് അഭ്യർത്ഥിക്കാൻ പോകണമെന്ന് അവരോട് പറഞ്ഞിരിക്കണം. പക്ഷേ മറ്റ് യൂണിയനുകളിൽപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കുമ്പോൾ നമ്മുടെ അംഗങ്ങളുടെ വീട് തൊട്ടടുത്തുണ്ടെങ്കിൽ സന്ദർശിക്കണം.
3. Section Visiting- ഡിവിഷൻ ഭാരവാഹികളുടെ 3 Team- രാവിലെ ഓരോ സെക്ഷനിൽ ഓരോ Team വീതം പോകണം (Sunrise Meeting സമയത്ത്)
4. 3.10.2015 - കരട് വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് പരിശോധിക്കണം.
5. 4.10.2015 - അപാകതകൾ ARU ഓഫീസർ സർട്ടിഫൈ ചെയ്ത് യൂണിയൻ ഓഫീസിൽ എത്തിക്കണം.
6. ലിസ്റ്റിൽ വരാത്ത നമ്മുടെ അംഗങ്ങളുടെ വിവരങ്ങൾ 4.10.2015 ന് തന്നെ യൂണിയൻ ഓഫീസിൽ അറിയിക്കണം.

**II. ഒക്ടോബർ 5,6,7,8** - വോട്ടേഴ്സ് ലിസ്റ്റുമായി സെക്ഷനുകളിൽ പോയി എല്ലാവരുടേയും ഫോൺ നമ്പർ ശേഖരിക്കണം. (അറ്റന്റഡന്റസ് രജിസ്റ്റർ/ ഫോൺ ലിസ്റ്റ് ഇവയിൽ നിന്നും എടുക്കാം) പൂർത്തികരിച്ച ലിസ്റ്റ് 8-ാം തീയതി തന്നെ കൊറിയർ വഴി/E-Mail യൂണിയൻ ഓഫീസിൽ എത്തിക്കണം. ലിസ്റ്റിൽ വോട്ടർ ഏത് യൂണിയനിൽപ്പെട്ട ആളാണെന്നും രേഖപ്പെടുത്തുക.

**III. ഒക്ടോബർ 9,10,11,12 -** സ്കോഡ് വർക്ക് (ഭവന സന്ദർശനം)

**IV . ഒക്ടോബർ 14,15,16,17** - വാഹന പ്രചരണ ജാഥ (സർക്കിൾ തലത്തിൽ)

**V. ഒക്ടോബർ 18.19** - ഫോണിലൂടെ എല്ലാവരെയും ബന്ധപ്പെടണം.

30 -ാം തീയതിക്കുള്ളിൽ ബൂത്ത് ഏജന്റ് (2) - പോളിംഗ് ഏജന്റ് (2) ജില്ലാ പോളിംഗ് ഏജന്റ്- ഇവരുടെ പേരും ഫോൺ നമ്പരും കേന്ദ്രക്കമ്മിറ്റി ആഫീസിൽ എത്തിക്കണം. എല്ലാ ഡിവിഷനിലും യൂണിയൻ സംബന്ധിച്ച ഓഫീസ് ജോലികൾ ചെയ്യുന്നതിന് ഒരാളെ ചുമതലപ്പെടുത്തണം. അവരുടെ പേരും ഫോൺ നമ്പറും യൂണിയൻ ഓഫീസിൽ എത്തിക്കണം. എല്ലാ വിവരങ്ങൾക്കും ഇവർ അപ്പപ്പോൾ കേന്ദ്രക്കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടണം. ഇലക്ഷന് വേണ്ടിയുള്ള പോസ്റ്റർ, നോട്ടീസ്, ബാഡ്ജ് എന്നിവ കേന്ദ്രക്കമ്മിറ്റി ഓഫീസിൽ നിന്നും എത്തിക്കുന്നതാണ്.

NB:-

1. റഫറണ്ടം വരെ എല്ലാ ഭാരവാഹികളും എല്ലാ ദിവസവും നമ്മുടെ വെബ്സൈറ്റ് (www.intuckeec.com) സന്ദർശിക്കണം.
2. എല്ലാ ഓഫീസുകളിലും സബ് സ്റ്റേഷൻ ജനറേറ്റിഗ് സ്റ്റേഷൻ, സിവിൽ ഓഫീസുകൾ, KSEB ക്വാർട്ടേഴ്സുകൾ, IB കൾ എന്നിവിടങ്ങളിൽ പോസ്റ്ററുകൾ ഒട്ടിക്കണം.
3. ഡിവിഷൻ/ജില്ലകളുടെ എല്ലാ ആവശ്യങ്ങൾക്കും യൂണിയൻ ഓഫീസിൽ ബന്ധപ്പെടണം. Phone: 0471-2471087, 9447698435, Fax:- 0471-2471087. Email: keecintuchq@gmail.com, website:www.intuckeec.com. യൂണിയൻ ഓഫീസിൽ അറിയിക്കുവാനുള്ള വിവരങ്ങൾ നമ്മുടെ website ൽ കയറി "Contactus" ലൂടെ കേന്ദ്രക്കമ്മിറ്റി ആഫീസിൽ അറിയിക്കാവുന്നതാണ്.

സ്നേഹാദരങ്ങളോടെ,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി